കേരളകൗമുദി

Established by C.V. Kunjuraman as a periodical in 1911

മാദ്ധ്യമ യാത്ര രണ്ടാം ദിനം കൂടില്ലാവീട്ടിൽ നിന്ന്

തിരുവനന്തപുരം: കേരള മീഡിയ അക്കാഡമി നടത്തുന്ന ഒൻപത് ദിവസത്തെ മാദ്ധ്യമ ചരിത്രയാത്ര രണ്ടാം ദിനമായ 22ന് രാവിലെ 9.30ന് സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയുടെ ജന്മഗൃഹമായ നെയ്യാറ്റിൻകരയിലെ കൂടില്ലാവീട്ടിൽ നിന്ന് ഡോ. സെബാസ്റ്റ്യൻ പോൾ ഉദ്ഘാടനം ചെയ്യും.

'സാധുജനപരിപാലിനി 'പത്രം നടത്തിയിരുന്ന അയ്യങ്കാളിയുടെ വെങ്ങാന്നൂരിലെ സ്മൃതികുടീരം, വക്കം മൗലവിയുടെ ജന്മനാട്ടിലെ വീട്, 'വിവേകോദയം' പത്രം നടത്തിയിരുന്ന കുമാരനാശാന്റെ കായിക്കരയിലെ ഭവനം, പരവൂരിൽ പത്തൊൻപതാം നൂറ്റാണ്ടിൽ നടത്തിയിരുന്ന 'സുജാനാനന്ദിനി' പത്രത്തിന്റെ ഉടമയായിരുന്ന പറവൂർ കേശവനാശാന്റെ ഭവനം, കേരളകാർട്ടൂണിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച് ആദ്യത്തെ കാർട്ടൂൺ പ്രസിദ്ധീകരിച്ച 'വിദൂഷകൻ' പത്രത്തിലെ ആദ്യകാർട്ടൂണായ ശ്യാമദേവത വരച്ചതിന് നാടകടത്തപ്പെട്ട പി.എസ്. ഗോവിന്ദൻ പിള്ളയുടെ അനസ്മരണം, കാർട്ടൂണിസ്റ്റുകളായ സുകുമാർ, ഇ.പി. ഉണ്ണി, സുധീർനാഥ് എന്നിവരും മറുനാട്ടിൽ നിന്നുള്ള ഇരുപതോളം പേരും ഉൾപ്പെടെ അൻപതിലേറെ കാർട്ടൂണിസ്റ്റുകൾ പങ്കെടുക്കുന്ന കാർട്ടൂൺ കോൺക്ലേവ്, കോട്ടയത്ത് സിനിമാസാഹിത്യകാരന്മാരുടെ സംഗമം, എറണാകുളത്ത് ഫോട്ടോഗ്രാഫർമാരെ പങ്കെടുപ്പിച്ച് ഫോട്ടോവാക്ക്, തൃശ്ശൂരിൽ പരിസ്ഥിതിപ്രവർത്തകരെ പങ്കെടുപ്പിച്ച് ട്രീവാക്ക്, കോഴിക്കോട്ട് വനിതാ ജേർണലിസ്റ്റുകളുടെ കോൺക്ലേവ്, ടി.വി ജേർണലിസ്റ്റുകളെ പങ്കെടുപ്പിച്ച് വീഡിയോവാക്ക് തുടങ്ങിയവയും ഇതിന്റെ ഭാഗമായി നടക്കും.

കേരള മീഡിയാ അക്കാഡമിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ഹോട്ടൽ പങ്കജിൽ നടന്നമാദ്ധ്യമചരിത്രയാത്രയുടെ ലോഗോ പ്രകാശനം സി.പി.എം പി.ബി അംഗം എം.എ. ബേബി സംവിധായക വിധുവിൻസെന്റിന് നൽകി നിർവഹിക്കുന്നു. അക്കാഡമി ചെയർമാൻ ആർ.എസ്. ബാബു, പത്രപ്രവർത്തക യൂണിയൻ ജില്ലാ പ്രസിഡന്റ് സുരേഷ് വെള്ളിമംഗലം എന്നിവർ സമീപം ഫോട്ടോ: ബി. സുമേഷ്

നിര്യാതനായി

തിരുവനന്തപുരം : വെള്ളയമ്പലം ഉദാരശിരോമണി റോഡ് യു.എസ്.ആർ.എ 20, സരസ് നിവാസിൽ വി.വി. ഉണ്ണിക്കൃഷ്ണൻ (79) നിര്യാതനായി. വൈദ്യുതി ബോർഡ് സിവിൽ വിഭാഗം ഡെപ്യൂട്ടി ചീഫ് എൻജിനിയറായിപ്രവർത്തിച്ചിട്ടുണ്ട്. എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറിയായിരുന്ന വി.കെ. വേലായുധന്റെ മകനാണ്. ഭാര്യ: തിരുവനന്തപുരം മെഡിക്കൽ കോളേജ് ഫിസിയോളജിവിഭാഗം പ്രൊഫസറായിരുന്ന ഡോ. എൻ. ശോഭ. മക്കൾ: ഡോ. മീനാകൃഷ്ണൻ (തിരുവനന്തപുരം എസ്.കെ ഹോസ്പിറ്റലിൽ പീഡിയാട്രിക് വിഭാഗം), മനുകൃഷ്ണൻ (ബംഗളൂരു ഇ.വൈയിൽ സീനിയർ മാനേജർ). മരുമക്കൾ: ബിജു, ഗായത്രി. സംസ്കാരം ഇന്ന് രാവിലെ 11ന് ശാന്തികവാടത്തിൽ. സഞ്ചയനം 19ന് രാവിലെ 8.30ന്.

മന്ത്രി സുധാകരന്റെ ഔദ്യോഗിക പരിപാടികൾ റദ്ദാക്കി

തിരുവനന്തപുരം: കടുത്ത ചൂടുമുംകഫക്കെട്ടും കാരണം മന്ത്രി ജി. സുധാകരന്റെ പത്തുദിവസത്തെ ഔദ്യോഗിക പരിപാടികൾ റദ്ദാക്കിയതായി മന്ത്രിയുടെ ഓഫീസ് അറിയിച്ചു. എന്നാൽ മുൻ നിശ്ചയിക്കപ്പെട്ടവിവിധമണ്ഡലങ്ങളിലെപരിപാടികൾ മന്ത്രിക്കുവേണ്ടി അതത് മണ്ഡലങ്ങളിലെ ബന്ധപ്പെട്ട ജനപ്രതിനിധികൾ ഉദ്ഘാടനം ചെയ്യുന്നതിന് ക്രമീകരണമുണ്ടാക്കാൻ നിർദ്ദേശം നൽകിയതായും ഓഫീസ് അറിയിച്ചു.

തിരഞ്ഞെടുപ്പിൽ കേരളം പുതിയ അദ്ധ്യായമെഴുതും: ചെന്നിത്തല

തിരുവനന്തപുരം: ലോക്സഭാ തിരഞ്ഞെടുപ്പിൽ കേരള ജനത പുതിയ അദ്ധ്യായമെഴുതുമെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. പിണറായി ഭരണത്തിൽ മടുത്ത ജനങ്ങൾ യു.ഡി.എഫിനൊപ്പമാണ്. കേരള കോൺഗ്രസ് വൈസ് ചെയർമാൻ ജോസ് കെ. മാണി നയിച്ച കേരളയാത്രയുടെ സമാപന സമ്മേളനം പൂത്തരിക്കണ്ടത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മോദി ഭരണത്തിന്റെ മറ്റൊരു പതിപ്പാണ് പിണറായി സർക്കാർ. ശബരിമല അടക്കമുള്ള വിഷയങ്ങളിലൂടെ ജനങ്ങളെ ഭിന്നിപ്പിക്കുകയാണ്. കെ.എം. മാണി തുടങ്ങിവച്ച ഏറ്റവും വലിയ ക്ഷേമ പദ്ധതിയായിരുന്ന കാരുണ്യ പദ്ധതിയുടെ കഴുത്ത് ഞെരിച്ചുകൊന്നു. ഒരു പുതിയ പദ്ധതിയും തുടങ്ങാൻ സാധിച്ചിട്ടില്ല. ടഫറിഅടച്ചുപൂട്ടലിന്റെ വക്കിലാണ്.

ജനങ്ങളെ ഭിന്നിപ്പിക്കുന്ന സർക്കാരാണ് കേന്ദ്രം ഭരിക്കുന്നത്. അംബാനി അദാനിമാർക്കായാണ് മോദിയുടെ ഭരണം. മോദി ഭരണത്തിൽ ജനങ്ങൾക്കുള്ള രോഷമാണ് മദ്ധ്യപ്രദേശ്, രാജസ്ഥാൻ തിരഞ്ഞെടുപ്പുകളിൽ കണ്ടത്.

യു.ഡി.എഫിലെ പ്രധാന കക്ഷിയാണ് കേരളകോൺഗ്രസ്. 40വർഷമായി കേരളകോൺഗ്രസുമായുള്ള ബന്ധം കോൺഗ്രസ് കണ്ണിലെ കൃഷ്ണമണിപോലെ സൂക്ഷിക്കുമെന്നും ചെന്നിത്തല പറഞ്ഞു.

കാർഷിക വിളകൾക്ക് ന്യായവില നിശ്ചയിക്കണമെന്ന് അദ്ധ്യക്ഷത വഹിച്ച കേരളകോൺഗ്രസ് ചെയർമാൻ കെ.എം. മാണി ആവശ്യപ്പെട്ടു.

കേരള കോൺഗ്രസ് എം വൈസ് ചെയർമാൻ ജോസ് കെ. മാണി എം.പി നയിച്ച കേരള യാത്രയുടെ സമാപനത്തിന്റെ ഉദ്ഘാടനത്തിന് തിരുവനന്തപുരം പൂത്തരിക്കണ്ടം മൈതാനത്ത് എത്തിയ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, ജാഥാ ക്യാപ്ടൻ ജോസ് കെ. മാണി, ചെയർമാൻ കെ.എം. മാണി, സി.എഫ്. തോമസ് എന്നിവരെ പ്രവർത്തകർ ഷാൾ അണിയിച്ചപ്പോൾ

രാജ്യത്തിന്റെ നട്ടെല്ലാണ് കർഷകർ. അവർക്ക് വിലസ്ഥിരതലഭ്യമാക്കണം. കേന്ദ്രസർക്കാർ കർഷകരെ അവഗണിക്കുകയാണെന്നും മാണി പറഞ്ഞു.

കർഷകരെ സഹായിക്കാൻ കർഷക കാരുണ്യ പദ്ധതി നടപ്പാക്കണമെന്ന് ജോസ് കെ. മാണി പറഞ്ഞു. കോൺഗ്രസ് ആണോ ബി.ജെ.പിയാണോ മുഖ്യശത്രുവെന്ന് സി.പി.എം വ്യക്തമാക്കണം. മോദി ബി.ജെ.പിയുടെ അവസാന പ്രധാനമന്ത്രിയായിരിക്കുമെന്നും ജോസ് കെ. മാണി പറഞ്ഞു.

സി.എഫ്. തോമസ് എം.എൽ.എ മുഖ്യപ്രഭാഷണം നടത്തി. മോൻസ് ജോസഫ് എം.എൽ.എ, ഡോ. എൻ. ജയരാജ് എം.എൽ.എ, റോഷി അഗസ്റ്റിൻ എം.എൽ.എ, ടി.യു. കുരുവിള, തോമസ് ചാഴികാടൻ, ജോസഫ് എം. പുതുശ്ശേരി, സ്റ്റീഫൻ ജോർജ്, തോമസ് ഉണ്ണിയാടൻ, ഇ. ജെ. അഗസ്തി ഉടങ്ങിയവർ പങ്കെടുത്തു. ജോയി എബ്രഹാം സ്വാഗതം പറഞ്ഞു.

ജോസ് കെ. മാണിയെ പവർഹൗസ് ജംഗ്ഷന് സമീപത്ത് നിന്ന് സ്വീകരിച്ച് പ്രകടനമായാണ് സമ്മേളന വേദിയിലേക്ക് ആനയിച്ചത്.

എം.എ. യൂസഫലി

കെ. ജെ. യേശുദാസ്

യൂസഫലിക്കും യേശുദാസിനും വി. ഗംഗാധരൻ സ്മാരക പുരസ്കാരം

തിരുവനന്തപുരം: പ്രമുഖ വ്യവസായി എം.എ. യൂസഫലി, ഗായകൻ കെ. ജെ. യേശുദാസ്, കായികതാരം പി. ടി. ഉഷ, പ്രമുഖ ഹൃദ്രോഗ വിദഗ്ധൻ ഡോ. വി.വി. ബാഷി എന്നിവർക്ക് ഈ വർഷത്തെ വി. ഗംഗാധരൻ സ്മാരക ടസ്റ്റ് പുരസ്കാരം നൽകും. ഒരുലക്ഷം രൂപയും ശില്പവും പ്രശസ്തിപത്രവും അടങ്ങിയ അവാർഡ് ഏപ്രിലിൽ കൊല്ലത്ത് സ്വരലയ ഓപ്പൺ എയർ സ്റ്റേഡിയത്തിൽ നടക്കുന്ന വി.ഗംഗാധരൻ ജൻമശതാബ്ദി സമാപന സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നൽകും.

അവാർഡ് കമ്മിറ്റി ചെയർമാൻ എം.എ. ബേബി, അംഗങ്ങളായ വിധുവിൻസന്റ്, ടസ്റ്റ് ഭാരവാഹികളായ സത്യബാബു, ആർ.എസ്. ബാബു എന്നിവർ വാർത്താസമ്മേളനത്തിലാണ് അവാർഡ് പ്രഖ്യാപിച്ചത്. നിയമസഭാ മുൻ സ്പീക്കറായിരുന്ന വി. ഗംഗാധരന്റെ പേരിൽ കൊല്ലത്തെ കടപ്പാക്കട സ്പോർട്സ് ക്ലബാണ് അവാർഡ് നൽകുന്നത്.

മന്ത്രി എ.കെ. ബാലന്റെയും ആരോഗ്യ വകുപ്പ് മുൻ ഡയറക്ടർ ഡോ. പി.കെ. ജമീലയുടെയും മകൻ നവീൻ ബാലനും കണ്ണൂർ അഴീക്കോട് പത്മിനി നിവാസിൽ സി.ടി. വേണുഗോപാലിന്റെയും ബീന വേണുഗോപാലിന്റെയും മകൾ നമിത വേണുഗോപാലും. ഇവർ ഇന്നലെ തിരുവനന്തപുരം എ.കെ.ജി ഹാളിൽ വിവാഹിതരരായി

മന്ത്രി എ.കെ. ബാലന്റെ മകൻ വിവാഹിതനായി

തിരുവനന്തപുരം: മന്ത്രി എ.കെ. ബാലന്റെയും ആരോഗ്യവകുപ്പ് മുൻ ഡയറക്ടർ ഡോ. പി.കെ. ജമീലയുടെയും മകൻ നവീൻ ബാലൻ വിവാഹിതനായി. കണ്ണൂർ അഴീക്കോട് പത്മിനി നിവാസിൽ സി.ടി. വേണുഗോപാലിന്റെയും ബീന വേണുഗോപാലിന്റെയും മകൾ നമിത വേണുഗോപാലാണ് വധു.

എ.കെ.ജി സെന്റർ ഹാളിൽ നടന്ന ചടങ്ങിൽ ഗവർണർ പി. സദാശിവം, മന്ത്രിമാരായ ഇ.പി. ജയരാജൻ, ഇ. ചന്ദ്രശേഖരൻ, ജി. സുധാകരൻ, കെ.കെ. ശൈലജ, എം.എം. മണി, വി.എസ്. സുനിൽകുമാർ, പി. തിലോത്തമൻ, എ.സി. മൊയ്തീൻ, ജെ. മേഴ്സിക്കുട്ടി അമ്മ, കെ. കൃഷ്ണൻകുട്ടി, കെ.ടി. ജലീൽ, കെ. രാജു, കെ. കൃഷ്ണൻകുട്ടി, രാമചന്ദ്രൻ കടന്നപ്പള്ളി, എ.കെ. ശശീന്ദ്രൻ, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, എം.എൽ.എമാർ, എം.പിമാർ, സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ, പോളിറ്റ്ബ്യൂറോ അംഗങ്ങളായ എസ്. രാമചന്ദ്രൻപിള്ള, എം.എ. ബേബി, മുതിർന്ന സി.പി.എം നേതാവ് വി.എസ്. അച്യുതാനന്ദൻ, മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, വി.എം. സുധീരൻ, കെ.എം. മാണി, വൈക്കം വിശ്വൻ, എം.വി. ഗോവിന്ദൻ, എ. വിജയരാഘവൻ, മുൻ സ്പീക്കർ കെ. രാധാകൃഷ്ണൻ, മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി നളിനി നെറ്റോ, മുൻ ചീഫ് സെക്രട്ടറിമാരായ സി.പി. നായർ, എസ്.എം. വിജയാനന്ദ്, കെ.എം. എബ്രഹാം, ഡോ. ബി. ഇക്ബാൽ, ഡി.ജി.പി ലോക്നാഥ് ബെഹ്റ, ഡോ. രാജൻ ഗുരുക്കൾ, പ്രമുഖ ചലച്ചിത്രകാരൻമാർ സാഹിനി, സൂര്യകൃഷ്ണമൂർത്തി, ചലച്ചിത്രതാരങ്ങളായ മധു, ശാരദ, ഇന്ദ്രൻസ്, വിനായകൻ, ജനാർദ്ദനൻ, മധുപാൽ, ശ്രീകുമാർ, സുധീർ കരമന, ജയസൂര്യ, ജലജ, മേനക സുരേഷ് കുമാർ, വിവിധ വകുപ്പ് മേധാവികൾ തുടങ്ങി രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരികരംഗത്തെ നിരവധി പ്രമുഖർ പങ്കെടുത്തു.

ബി.ഡി.ജെ.എസിന് അഞ്ചു സീറ്റ് നൽകാൻ ധാരണ

കൊച്ചി : ബി.ഡി.ജെ.എസും ബി.ജെ.പിയും തമ്മിൽ ലോക്സഭാ സീറ്റ് ധാരണയിലെത്തി. ബി.ഡി.ജെ.എസിന് അഞ്ചു സീറ്റുകൾ നൽകും. ഇരു പാർട്ടികളുടെയും കമ്മിറ്റികൾ അംഗീകരിച്ചശേഷം സീറ്റുകളും സ്ഥാനാർത്ഥികളെയും പ്രഖ്യാപിക്കും. ബി.ഡി.ജെ.എസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി, ജനറൽ സെക്രട്ടറി സുഭാഷ് വാസു, ബി.ജെ.പി ദേശീയ ജനറൽ സെക്രട്ടറി മുരളീധരറാവു, ദേശീയ സമിതിയംഗം പി.കെ. കൃഷ്ണദാസ്, സംസ്ഥാന പ്രസിഡന്റ് പി.എസ്. ശ്രീധരൻപിള്ള എന്നിവരും ചർച്ചയിൽ പങ്കെടുത്തു.

സീറ്റുധാരണയിലെത്തിയതായി തുഷാർ വെള്ളാപ്പള്ളിയും പി.എസ്. ശ്രീധരൻപിള്ളയും ചർച്ചയ്ക്കുശേഷം പറഞ്ഞു. ബി.ജെ.പിയുമായിയാതൊരു പരിഭവവുമില്ലെന്നും തുഷാർ പറഞ്ഞു. സ്ഥാനാർത്ഥികൾ ആരെന്ന് പാർട്ടി കമ്മിറ്റി ചേർന്ന് തീരുമാനിക്കും. പാർട്ടിയെ നയിക്കുന്നയാളെന്ന നിലയിൽ എല്ലായിടത്തും പ്രവർത്തിക്കാനും ഭംഗിയായി കാര്യങ്ങൾ നടത്താനുമാണ് താൻ മത്സരിക്കില്ലെന്ന് പറഞ്ഞത്. അതിൽ മാറ്റം വേണോയെന്ന് പാർട്ടി തീരുമാനിക്കും. ബി.ജെ.പിയുമായി തർക്കമൊന്നുമില്ലെന്നും ചിലർ അങ്ങനെ പ്രചരിപ്പിച്ചതാണെന്നും അദ്ദേഹം പറഞ്ഞു. ദേശീയ നേതൃത്വത്തിന്റെ അംഗീകാരത്തോടെ ധാരണ പരസ്യമാക്കുമെന്ന് ശ്രീധരൻ പിള്ള പറഞ്ഞു. സൗഹാർദ്ദപരമായി ഏതയത്തിൽ തട്ടിയ ബന്ധം ഒറ്റക്കെട്ടായി തുടരും. ഒരേ മുന്നണിയിൽ പക്ഷികളായി പ്രവർത്തിച്ച് തിരഞ്ഞെടുപ്പിനെ നേരിടും. രാത്രി പത്തിനാരംഭിച്ച ചർച്ച 11.30നാണ് സമാപിച്ചത്.

കേരളത്തിലെ സി.പി.എം കറക്കുകമ്പനി: മുല്ലപ്പള്ളി

തൃശ്ശൂർ: കേരളത്തിലെ സി.പി.എം കച്ചവട താത്പര്യം മാത്രമുള്ള കറക്കുകമ്പനിയായി മാറിയെന്ന് കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ. പിണറായിയും കോടിയേരിയും പുത്തൻപണക്കാരുടെ തോഴന്മാരായി മാറിയെന്നും പത്രസമ്മേളനത്തിൽ മുല്ലപ്പള്ളി ആരോപിച്ചു. കോൺഗ്രസിന്റെ ജനമഹായാത്രയിൽ പണപ്പിരിവിനെ വിമർശിച്ച കോടിയേരി ബാലകൃഷ്ണന്റെ പ്രസ്താവന അങ്ങേയറ്റം തരം താണതായി.

കോൺഗ്രസിന്റെ പണപ്പിരിവ് സുതാര്യമാണ്. ഇത്തരം യാത്രകളിലൂടെ തന്നെയാണ് പാർട്ടി ഫണ്ട് സ്വരൂപിക്കാറുള്ളത്. സി.പി.എം ബക്കറ്റ് കുലുക്കിയാൽ കോടികൾ നിറയുന്ന മാന്ത്രിക വിദ്യയുടെ രഹസ്യം കോടിയേരി വിശദീകരിക്കണം.

പണ്ട് പിണറായി രാഷ്ട്രീയ യാത്രയ്ക്ക് കോഴിക്കോട്ടെത്തിയപ്പോൾ ആദ്യം കണ്ടത് നവകോടീശ്വരന്മാരെയാണ്. കള്ളക്കടത്തുകാരുടെ ക്ലബ്ബർ കാറിൽ യാത്ര നടത്തുന്നതാരെന്നും ജനങ്ങൾക്കറിയാം.

മഹാരാജാസിൽ രക്തസാക്ഷിയായ അഭിമന്യുവിന്റെ മരണം സി.പി.എം ആഘോഷമാക്കി മാറ്റി. മൂന്ന് കോടി പിരിച്ച ശേഷം 35 ലക്ഷമാണ് അഭിമന്യുവിന്റെ കുടുംബത്തിന് നൽകിയത്. ബാക്കി പണം എന്തുചെയ്തുവെന്ന് കോടിയേരി വിശദീകരിക്കണം.

ശബരിമലയെ അയോദ്ധ്യ മാതൃകയിൽ സമരഭൂമിയാക്കണമെന്ന യോഗി ആദിത്യനാഥിന്റെ പ്രസ്താവന അപകടകരമാണെന്നും മുല്ലപ്പള്ളി പറഞ്ഞു. കെ.പി.സി.സി വർക്കിംഗ് പ്രസിഡന്റ് കൊടിക്കുന്നിൽ സുരേഷ്, ഡി.സി.സി പ്രസിഡന്റ് ടി.എൻ. പ്രതാപൻ തുടങ്ങിയവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

ദുബായ് ലോക കേരളസഭാ സമ്മേളനത്തിൽ മുഖ്യമന്ത്രി

പ്രവാസികൾക്ക് വരുമാനം ഉറപ്പാക്കി നിക്ഷേപ പദ്ധതി

- കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി എല്ലാ ഗൾഫ് രാജ്യങ്ങളിലേക്കും
- മാവേലിക്കരയിൽ ലോക കേരള കേന്ദ്രം

എം.എച്ച്. വിഷ്ണു

ദുബായ് : കേരള വികസനത്തിന് പ്രവാസി നിക്ഷേപം പ്രയോജനപ്പെടുത്താൻ ആകർഷക പദ്ധതികളും പ്രവാസി വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേക എൻ.ആർ.ഐ സെൽ ഉൾപ്പെടെ കരുതൽ നടപടികളുമായി സംസ്ഥാന സർക്കാർ. ലോക കേരളസഭ പശ്ചിമേഷ്യൻ സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയനാണ് പദ്ധതികളുടെ പ്രഖ്യാപനം നിർവഹിച്ചത്.

സർക്കാർ ഗ്യാരന്റിയിൽ അഞ്ചു ലക്ഷം രൂപയോ അതിന്റെ ഇരട്ടിതുകയോ കേരളത്തിൽ പ്രവാസികൾക്ക് സ്ഥിരനിക്ഷേപം നടത്താവുന്നതാണ് പദ്ധതി. പ്രവാസിക്കോ അവകാശിക്കോ നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത തുക വരുമാനം ലഭിക്കുന്ന നിക്ഷേപ- ഡിവിഡന്റ് പദ്ധതിയാണ് ഇത്. ഇക്കാര്യം കേരളകൗമുദി നേരത്തേ റിപ്പോർട്ട് ചെയ്തിരുന്നു.

പ്രവാസി നിക്ഷേപം കിഫ്ബി പോലുള്ള സംരംഭങ്ങളിൽ നിക്ഷേപിച്ച് പലിശ ഡിവിഡന്റായി നൽകും. പ്രവാസിക്ഷേമ പെൻഷൻ ഡിവിഡന്റിൽ ലയിപ്പിച്ചുള്ള ധനസഹായം പരിഗണനയിലാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ടൂറിസം ഉൾപ്പെടെ വിവിധ മേഖലകളിൽ വ്യവസായങ്ങൾക്കായി പ്രവാസി നിക്ഷേപ കമ്പനി രൂപീകരിക്കും.

മടങ്ങിയെത്തുന്ന പ്രവാസികൾക്കായി പഞ്ചായത്ത് തലത്തിൽ തൊഴിൽ സംരംഭങ്ങൾ തുടങ്ങും. ഇതിനായി എൻ.ആർ.ഐ സഹകരണ സൊസൈറ്റികൾ രൂപീകരിക്കും. മാവേലിക്കരയിൽ അഞ്ച് ഏക്കറിൽ ലോകകേരള കേന്ദ്രം സ്ഥാപിക്കും. കേരളവും പ്രവാസികളും ഒന്നിച്ചുനിന്നാൽ ഒന്നും അസാദ്ധ്യമല്ലെന്ന് നിറഞ്ഞ കൈയടികൾക്കിടയിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

പ്രവാസി നിക്ഷേപം ആകർഷിക്കാൻ ബിസിനസ് ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ തുടങ്ങും. സംരംഭകത്വ സാദ്ധ്യത പഠിച്ച് പ്രവാസികൾക്ക് ഉപദേശം നൽകാൻ മുംബയിലെ കമ്പനിയെ ചുമതലപ്പെടുത്തി. വ്യവസായികൾക്ക് തവണകളായി പണമടച്ച് ഭൂമി വാങ്ങാൻ പ്രത്യേക പദ്ധതിയുണ്ടാകും. ആദ്യവർഷം 60 ശതമാനം അടയ്ക്കണം. ശേഷിക്കുന്ന പണം വർഷംതോറും അഞ്ചു ശതമാനം വീതം. കെ.എസ്.എഫ്.ഇ ചിട്ടി ഈ മാസം തന്നെ എല്ലാ ഗൾഫ് രാജ്യങ്ങളിലേക്കും വ്യാപിപ്പിക്കും.

പ്രവാസികളുടെ പരാതികൾക്കും പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ ജില്ലാ കളക്ടർ ചെയർമാനായി ജില്ലാ പ്രവാസി പരിഹാര സമിതിയുണ്ടാകും. മേഖലാടിസ്ഥാനത്തിൽ യൂത്ത് ഫെസ്റ്റിവലുകൾ നടത്തുന്നതും പ്രവാസികളുടെ സാഹിത്യസൃഷ്ടികൾക്കായി പ്രസിദ്ധീകരണം ആരംഭിക്കുന്നതും പരിഗണനയിലാണ്- മുഖ്യമന്ത്രി പറഞ്ഞു.

സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ അദ്ധ്യക്ഷനായി. ചീഫ് സെക്രട്ടറി ടോംജോസ് സഭാ പ്രഖ്യാപനം നടത്തി. എം.എൽ.എ. മാരായ കെ.സി. ജോസഫ്, പി.ജെ. ജോസഫ്, പി.കെ. ബഷീർ, കാരാട്ട് റസാഖ്, പാറയ്ക്കൽ അബ്ദുള്ള, ടി.വി. ഇബ്രാഹിം എന്നിവർ പങ്കെടുത്തു.

Vol. No. 109 Issue No. 46 R.No.3052/57 (R.No. KL/TV(N) 72/2018-20) Printed and Published by **Darshan Ravi** from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 0471 - 7117000, Fax: 7116905** e-mail: **news @ keralakaumudi.com, desk@kaumudi.com** Chief Editor : **Deepu Ravi** (Responsible for selection of news under the PRB Act) .